ജനുവരി 17, 2014

# പോലീസിനെ മന്ത്രി ഭരിക്കണോ

ഒരു പോലീസ് മന്ത്രിയുടെ നിർദ്ദേശം നടപ്പാക്കണോ? തീർച്ചയായും വേണ്ട. പോലീസ് ഉദ്യോഗസ്ഥൻ നിയമത്തിന് കീഴിലാണ് പ്രവർത്തിക്കുന്നത്. ക്രിമിനൽ നടപടി ചട്ടവും മറ്റ് നിയമങ്ങളും പ്രകാരം ഒരു കുറ്റവാളിയേയോ പ്രതിയേയോ അന്വേഷിക്കാനും തിരച്ചിൽ നടത്താനും അറസ്റ്റ് ചെയ്യാനും പ്രോസിക്യൂട്ട് ചെയ്യുകയുമാണ് പോലീസിന്റെ കർത്തവ്യം.

1968 ൽ ബ്രിട്ടീഷ് ജഡ്ജ് ഡെന്നിംഗ് പ്രഭു ഇതേക്കുറിച്ച് വ്യക്തമായി പറഞ്ഞുവച്ചിട്ടുണ്ട്. 'രാജ്യത്തെ ഓരോ പോലീസുകാരനും നിർവഹണ കാര്യത്തിൽ സ്വതന്ത്രനായിരിക്കണമെന്ന് പറയുന്നിന് എനിക്ക് മടിയില്ല. അയാൾക്ക് രാജ്യത്തെ ഒരു സെക്രട്ടറിയുടെ ഉത്തരവ് നടപ്പാക്കാൻ ബാധ്യതയില്ലേ. പോലീസ് കമ്മീഷണറെപ്പോലെ തന്നെ ഓരോ പോലീസുകാരനും രാജ്യത്തെ നിയമം നടപ്പാക്കുകയെന്ന ബാധ്യതയാണുള്ളത്. കുറ്റകൃത്യങ്ങൾ സംഭവിക്കാനിടയുള്ള സ്ഥലങ്ങളിൽ ജോലിക്ക് ആളെ നിയോഗിക്കുകയും സത്യസന്ധരായവർക്ക് അവയുടെ കാര്യങ്ങൾ സമാധാനപരമായി ചെയ്യാൻ അവസരം ഒരുക്കുകയും വേണം. ഒരാളെ പ്രോസിക്യൂട്ട് ചെയ്യണമോ വേണ്ടയോ എന്നെല്ലാം നിശ്ചയിക്കേണ്ടത് അയാളാണ്, പക്ഷേ അതെല്ലാം നിയമത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം. അയാൾ ആരുടേയും വേലക്കാരനല്ല, നിയമത്തിന്റെ മാത്രം സേവകനാണ്. ഒരു മന്ത്രിക്കും ഒരു പോലീസുകാരനോട് ഇന്നത് ചെയ്യരുത് ചെയ്യണം എന്ന് നിർദ്ദേശിക്കാൻ അവകാശമില്ല. നിയമ സംരക്ഷണത്തിന്റെ ഉത്തരവാദിത്തം പോലീസാണ്. ഉത്തരവാദിത്തം നിയമത്തോടാണ്, നിയമത്തോടു മാത്രമാണ്.

ഈ തത്വം 1998 ലെ (ജയിൻഹവാല) വിനീത് നാരായണൻ കേസിൽ സുപ്രീംകോടതി ഉറപ്പിച്ചിട്ടുള്ളതാണ്. ഒരു പോലീസ് ഉദ്യോഗസ്ഥൻ നിയമത്തിന് അധീനനാണ്. അയാളുടെ അധികാരം ഒരു പൗരന്റെ ജീവിക്കാനുള്ള അവകാശത്തിനും സ്വാതന്ത്ര്യത്തിനും അനുകൂലമായിരിക്കണം. തന്റെ അധികാരം മറ്റ് തരത്തിൽ വിനിയോഗിക്കുന്നത് നിയമവിരുദ്ധമാണ്.

2006 ജൂലായ് ആറിന് ലണ്ടനിൽ വെച്ച് അന്നത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രി ടോണി ബ്ലയറിന്റെ 16കാരനായ മകനെ മദ്യപിച്ചവശനായിക്കണ്ടതിന് അറസ്റ്റ് ചെയ്തു. അച്ഛനെക്കുറിച്ച് വെളിപ്പെടുത്തി കുഴപ്പമുണ്ടാക്കണ്ട എന്നു കരുതി അയാൾ തെറ്റായ മേൽവിലാസം നൽകി. അയാളെ ചാറ്റിംഗ് ക്രോസ് പോലീസ് സ്റ്റേഷനിൽ ഹാജരാക്കി. ലോക്കപ്പിൽ പ്രധാനമന്ത്രി ബ്ലയറും ഭാര്യക്കും ആ സമയത്ത് പോർട്ടുഗലിൽ ആയിരുന്നു. അവർ തിരികെ വന്ന് പോലീസ് സ്റ്റേഷനിലെത്തി പോലീസിന്റെ അന്തിമ മുന്നറിയിപ്പോടെ മകനെ വിടുതൽ ചെയ്തു കൊണ്ടുപോയി. പോലീസ് തന്റെ അടുത്തേക്ക് വരുന്നതിന് പകരം സ്റ്റേഷനിലേക്ക് പോകുന്നതിന് പ്രധാനമന്ത്രി ബ്ലയറിന് മടിയുണ്ടാകില്ല. അദ്ദേഹത്തിന്റെ അഭിപ്രായം "ഒരു രക്ഷിതാവായിക്കഴിയുന്നത് വിഷമകരമാണെ"ന്നായിരുന്നു. പ്രധാനമന്ത്രി പോലീസിന്റെ അധികാരത്തിന് വഴങ്ങുകയായിരുന്നു, അല്ലാതെ മറിച്ചല്ല.

എന്നാൽ ഖേദകരമെന്നു പറയാം, ദൽഹിയിലെ ഒരു മന്ത്രി മൂലം ഏതാനും വിദേശ വനിതകൾ ദൽഹിയിൽ പീഡിപ്പിക്കപ്പെട്ടു. അവർക്ക് മർദ്ദനമേൽക്കേണ്ടിവരികയും ചെയ്തു. കന്യാത്വ പരിശോധനവരെ നടത്തി. ഇത് പോലീസല്ല, ആം ആദ്മി പാർട്ടി പ്രവർത്തകരാണ് ചെയ്തത്. ഭൂപരിഷ്ക്കാര നിയമവ്യവസ്ഥയുള്ളിടത്ത്, ഈ നിയമവിരുദ്ധ നടപടിക്ക് മന്ത്രിയാണ് ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടത്. മന്ത്രിയുടെ നിർദ്ദേശത്തെ മറികടന്ന് നിയമപരമായി പ്രവർത്തിച്ച, എനിക്ക് അജ്ഞാതനായ എസിപി ബി.എസ്.ജഖാറാണ് എന്റെ അഭിനന്ദനം അർഹിക്കുന്നത്. നാമെല്ലാം എസിപി ജഖാറിനെ വന്ദിക്കണം.